**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3775** | **11.11.2019-ൽ മറുപടിക്ക്**

**നിയമസഭാ സാമാജികനെതിരെയുള്ള അധിക്ഷേപം**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ സാമാജികനെതിരെ സമൂഹമാധ്യമങ്ങളിൽ നടത്തിയ അധിക്ഷേപത്തിന് എതിരെ പ്രസ്തുത അംഗം നൽകിയ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (എ) | പ്രസ്തുത പരാതിയിൽ തിരുവനന്തപുരം സിറ്റി പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആർക്കൊക്കെ എതിരായിട്ടാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; എന്ത് നടപടികളാണ് ഇവർക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; | (ബി) | 'Chothilekshmidivakaran' എന്ന Facebook ID-യ്ക്കെതിരെ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ Cr. No. 1525/18 U/s 153 IPC and 43 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായ വിവരം വെളിവായിട്ടില്ലാത്തതിനാൽ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) | ഇത്തരം പരാതിക്ക് ആധാരമായ പോസ്റ്റുകൾ ഇപ്പോഴും നവമാധ്യമങ്ങളിൽ തുടരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (സി) | ഇത്തരം പോസ്റ്റുകൾ തടയാൻ ഫേസ്ബുക്ക് ലീഗൽ വിംഗിന് നിയമപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ